ദയാദാക്ഷിണ്യത്തിനുവേണ്ടി ഞാനിവിടെ അവതരിപ്പിക്കുകയാണ്. 1984-ൽ തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡ് എം.എൽ.എ. റോഡായി പ്രഖ്യാപിച്ചതാണ്. തൃക്കുന്നപ്പുഴ മുതൽ ആറാട്ടുപുഴ ജംഗ്ഷൻ വരെയുള്ള റോഡ് നേരത്തേ പൂർത്തിയാക്കിയിട്ടുണ്ട്. ആറാട്ടുപുഴ ജംഗ്ഷൻ മുതൽ വലിയഴീക്കൽ ജംഗ്ഷൻ വരെ ഏതാണ്ട് 13 കിലോമീറ്റർ ദൂരം കാൽനടയായി മാത്രമേ സഞ്ചരിക്കാൻ ജനങ്ങൾക്ക് കഴിയുകയുള്ളൂ. അവിടെ ബോട്ട് സർവ്വീസുമില്ല. ഏതാണ്ട് പതിനായിരത്തിൽപ്പരം മൽസ്യത്തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്ന പ്രദേശമാണ്. നിരവധി നൂലാമാലകൾ ഈ റോഡ് നിർമ്മാണത്തിനുണ്ടായിട്ടുണ്ട്. നിയമസഭാ പരിസ്ഥിതി കമ്മിറ്റി സ്ഥലം സന്ദർശിച്ചിരുന്നു. കടലും കായലുമായിട്ടുള്ള പ്രദേശമെന്നുള്ള നിലയിൽ അവിടെ റോഡ് ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് കമ്മിറ്റിത്തന്നെ റിപ്പോർട്ട് കൊടുത്തു. ആ കമ്മിറ്റി നിരവധി പ്രാവശ്യം പി.ഡബ്ലിയു. ഡി. സെക്രട്ടറിയേയും ഇറിഗേഷൻ, സെക്രട്ടറിയേയും ഫൈനാൻസ് സെക്രട്ടറിയേയും വിളിച്ച് ചർച്ച ചെയ്തു. കഴിഞ്ഞ സപ്ലിമെന്ററി ഡിമാന്റിൽ അതിനാവശ്യമായ പണം വകയിരുത്തി. ഇപ്പോൾ ടെൻഡർ വിളിച്ചപ്പോൾ ടെൻഡറിൽ കടന്നുകൂടിയ ഒരു പിശകുകൊണ്ട് ആ വർക്ക് നടക്കുന്നതിനു മെറ്റീരിയൽസ് കൊണ്ടുവരണമെങ്കിൽ 65 കിലോമീറ്റർ ദൂരെ നിന്ന് കൊണ്ടുവരണം. ആ ടെൻഡറിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 26 കിലോമീറ്ററേ വച്ചിട്ടുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ കോട്ട് ചെയ്തപ്പോൾ റേറ്റ് കൂടി. ആ അടിസ്ഥാനത്തിൽ ആദ്യ ടെൻഡർ ക്യാൻസൽചെയ്തു. വീണ്ടും രണ്ടാമത് കട്ടേഷൻ വിളിച്ചു. അത് ടെൻഡർ കമ്മിറ്റിയുടെ പരിഗണനയിലാണ്. അവിടത്തെ ജനങ്ങൾ പ്രക്ഷുബ്ധരായി പഞ്ചായത്താഫീസ് ഒരു ദിവസം പൂട്ടിയിട്ടു. ജനപ്രതിനിധിയെന്നുള്ള നിലയിൽ എന്നോട് ഏറ്റവും സ്നേഹമുള്ള ജനങ്ങൾ ആണെങ്കിൽപ്പോലും, മൂന്നുപ്രാവശ്യം തടഞ്ഞുവച്ചു. എനിക്ക് അവിടെ ചെല്ലാൻ കഴിയാത്തനിലയിൽ അത്രയ്ക്ക് ജനങ്ങൾ പ്രക്ഷുബ്ധരായി നിൽക്കുകയാണ്. ഈ റോഡ് നിർമ്മാണത്തിന് അനുവാദം കിട്ടിയില്ലെങ്കിൽ ഈ സഭയുടെ മുമ്പിൽ ഞാനും ഇരിക്കേണ്ട നിലയാണുള്ളത്. അതുകൊണ്ട് ഞാൻ പൊതുമരാമത്തു വകുപ്പു മന്ത്രിയോട് അപേക്ഷിക്കുന്നത് ആ റോഡിന്റെ ഗൗരവസ്വഭാവം മനസ്സിലാക്കി ഗവൺമെന്റ് ഇക്കാര്യത്തിൽ പരിഗണന കൊടുക്കണമെന്നാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡിന്റെ രണ്ടാം ഘട്ട പണിയാണ് തീരേണ്ടത്. 5.5 മുതൽ 15.7 വരെയുള്ള ഭാഗങ്ങളാണ്. ഇതിന് ഭരണാനുമതി നൽകി ടെൻഡർ വിളിച്ചു. 70% അധിക നിരക്കിൽ ടെൻഡർ കമ്മിറ്റി അംഗീകാരം കൊടുത്തു. റേറ്റ് പോരായെന്നുള്ള നിലയിൽ കോൺട്രാക്ടർ എഗ്രിമെന്റ് വച്ചില്ല. രണ്ടാമത് വീണ്ടും ടെന്റർ വിളിച്ചിരിക്കുകയാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടായതാണ്. ടെൻഡർ വിളിച്ചു. തുക പോരാ എന്നു പറഞ്ഞ് വീണ്ടും ടെൻഡർ കമ്മിറ്റിക്ക് വന്നിരിക്കുകയാണ്. ഈ റോഡിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് നിർദ്ദേശം കൊടുക്കാം.

(8) സംസ്ഥാനത്തെ വില്ലേജ് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ

ശ്രീ. കെ. ബാബു : സർ, നമ്മുടെ സംസ്ഥാനത്തെ വില്ലേജ് റോഡ് സ്കീമിൽപ്പെടുത്തി നിർമ്മാണമാരംഭിച്ച് ഭാഗീകമായി പൂർത്തിയാക്കിയിട്ടുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇന്ന് സ്തംഭിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഏകദേശം 650-ഓളം വർക്കുകൾ നിർമ്മാണം ആരംഭിച്ച് ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷമായി ബഡ്ജറ്റിൽ ഒറ്റ വർക്കുകൾക്കും പണം വകകൊള്ളിച്ചില്ല. നിർമ്മാണമാരംഭിച്ച വില്ലേജ് റോഡുകളും മറ്റ് പ്രവർത്തനങ്ങളും പൂർത്തീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയിലും അതുപോലെതന്നെ നിയമസഭയിലും പല പ്രാവശ്യം ഉറപ്പ് നൽകിയിട്ടുള്ളതാണ്. എന്റെ നിയോജകമണ്ഡലത്തിലെ പാട്ടുപുരയ്ക്കൽ ഇടച്ചിറ വായനശാലാ റോഡ് എറണാകുളം കളക്ടറേറ്റിന്റെ മുമ്പിൽ നിന്ന് ആരംഭിക്കുന്ന റോഡാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽപ്പെടുത്തി പഞ്ചായത്തിൽനിന്ന് ഏറ്റെടുത്ത് നിർമ്മാണമാരംഭിച്ച റോഡാണ് അത്. കൊച്ചി നഗരവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരു റോഡാണ്. പ്രത്യേകിച്ചും വ്യവസായ വകുപ്പിന്റെ കിൻഫ്രാ പാർക്കിന്റെ മുമ്പിലൂടെയുള്ള റോഡാണ്. ഈ റോഡിന്റെ നിർമ്മാണം ഭാഗീകമായി നടന്നിട്ടുണ്ട്. നിർമ്മാണം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ജനങ്ങൾ വളരെയേറെ പ്രയാസപ്പെടുകയാണ്. അതുകൊണ്ട് സംസ്ഥാനത്തെ വില്ലേജ് റോഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച് ഭാഗികമായി പണി പൂർത്തിയാക്കിയ റോഡുകൾ പൂർത്തികരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പാട്ടുപുരയ്ക്കൽ-ഇടച്ചിറ വായനശാലാ റോഡിന്റെ പണികൾ 1997 ജൂണിൽ ആരംഭിച്ചു. റോഡ് ഫോർമേഷനും റോഡിന്റെ വശങ്ങൾ ബലപ്പെടുത്തുന്ന പണിയും പൂർത്തിയാക്കി. ഇനി അവശേഷിക്കുന്ന ടാറിംഗ് പണികൾക്ക് കുറച്ച് ചല്ലി കരാറുകാരൻ ഇറക്കിയിട്ടുണ്ട്. ഇതിനിടയിൽ ബിൽ പാസ്സാക്കി പണം നൽകുന്നില്ലെന്നുള്ള പരാതി കരാറുകാരൻ സമർപ്പിച്ചു. 5.8 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. ബാക്കി 48 ലക്ഷം രൂപ കൊടുക്കാനുണ്ട്. വില്ലേജ് റോഡുകൾക്ക് ഭീമമായ തുക നൽകാനുണ്ട്. ഈ തുക അടുത്തു തന്നെ കൊടുക്കുന്നതാണെന്ന് ധനകാര്യവകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. അതോടുകൂടി ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയും.

(9) വടക്കാഞ്ചേരി മണ്ഡലത്തിലെ വെടിപ്പാറ പാലം തകർന്നതു സംബന്ധിച്ച്

ശ്രീ. വി. ബാലറാം : സർ, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അത്താണി-പറംപായി റോഡിലെ വളരെ കാലപ്പഴക്കം ചെന്ന വെടിപ്പാറ പാലം കഴിഞ്ഞ ജൂൺ 17-ാം തീയതി കാലവർഷക്കെടുതിയെത്തുടർന്ന് തകർന്നുപോവുകയും അതുമൂലം ആ റൂട്ടിലെ ഗതാഗതം ഇപ്പോൾ നിലച്ചിരിക്കുകയുമാണ്. ഈ പാലം വഴി ആറു സ്വകാര്യബസുകൾ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ പൂമല, ചോറ്റു പാറ, പറംപായി, വട്ടാഴി തുടങ്ങിയ വില്ലേജുകളിലെ പാവപ്പെട്ട മലയോര കൃഷിക്കാരുൾപ്പെടെയുള്ള ആളുകൾക്ക് മെഡിക്കൽ കോളേജിലേക്ക് വരുന്നതിനും അതുപോലെതന്നെ പൂമലയിലുള്ള ഹൈസ്കൂളിലേക്ക് കുട്ടികൾക്ക് പോകുന്നതിനും വേറെ യാതൊരു വഴിയുമില്ലാത്ത ഒരു സൗഹചര്യമാണുള്ളത്. അതൊരു കലിങ്കു പാലമാണ്. ഈ പാലം പുതുക്കിപ്പണിയാൻ-വളരെ കുറച്ചു പൈസയേ വേണ്ടതുള്ളൂ. അടിയന്തിരമായി പ്രസ്തുത പാലം പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly